**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കരുമാലൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ.എസ്. പ്രകാശനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.519/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 22.02.2017

=====================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 28.02.2014-ലെ ഇ 7-(എസ് സി 56/2012/ഇകെഎം) 37889/2012 നമ്പർ കത്ത്

2. വിജിലൻസ് വകുപ്പിന്റെ 01.10.2013-ലെ 9138/ഡി3/2013/വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 13.02.2014-ലെ 65944/ഇപിബി2/13/തസ്വഭവ നമ്പർ കുറ്റപത്രം
4. കുറ്റപത്രത്തിന് കരുമാലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ.എസ്. പ്രകാശൻ സമർപ്പിച്ച 05.05.2014 തീയതിയിലെ പ്രതിവാദ പത്രിക
5. പഞ്ചായത്ത് ഡയറക്ടറുടെ 10.10.2014-ലെ ഡി2-11460/2014 നമ്പർ കത്ത്

**ഉത്തരവ്**

കരുമാലൂർ ഗ്രാമപഞ്ചായത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പരിശോധന നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ട് പരാമർശം (2) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി. വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഉത്തരവാദിയായ കരുമാലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ.എസ്. പ്രകാശന് പരാമർശം (3) പ്രകാരം ലഘു ശിക്ഷയ്ക്കുള്ള കുറ്റപത്രം നല്കി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീ. കെ.എസ്. പ്രകാശൻ പരാമർശം (4) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചു.

തന്നെ വ്യക്തിപരമായി തേജോവധം ചെയ്യുന്നതിനായി അഴിമതിക്കാരായ ചില പഞ്ചായത്തംഗങ്ങൾ ബോധപൂർവ്വം ശ്രമിച്ചതിന്റെ ഭാഗമാണ് തന്നെ വിജിലൻസ് കേസിൽ കുടുക്കിയതെന്നും, പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ ചില സ്റ്റാഫ് അംഗങ്ങൾ എഴുതാൻ വിട്ടുപോയിട്ടുള്ളത് ശ്രദ്ധയിൽ വരികയും സൂപ്പർവൈസറി സ്റ്റാഫിനെക്കൊണ്ട് അത് കുറ്റമറ്റതാക്കി ശരിയായും ചിട്ടയായും എഴുതിപ്പോരുന്നു എന്നും. വിജിലൻസ് പരിശോധനയിൽ അധികൃതർ ആവശ്യപ്പെട്ട രേഖകളും രജിസ്റ്ററുകളും യഥാവിധി ഹാജരാക്കിയിട്ടുണ്ടെന്നും, എ 2-10510/11 എന്ന ഫയൽ എറണാകുളം എ.ഡി. എമ്മിന്റെ ഹിയറിംഗ് കഴിഞ്ഞിട്ടുള്ളതും മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് ലഭിക്കുവാൻ അയച്ചിട്ടുള്ളതുമാണെന്ന വിവരം വിജിലൻസിനെ അറിയിച്ചിട്ടുള്ളതാണെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്. കൂടാതെ സ്വകാര്യ വ്യക്തികളുടെ വഴിത്തർക്കം സംബന്ധിച്ച എ 7-7280/12 ഫയലിൽ തുടർനടപടികൾക്കായി പഞ്ചായത്ത് കമ്മിറ്റിക്ക് നല്കുകയും പുതിയ ലൊക്കേഷൻ സ്കെച്ച് തയ്യാറാക്കുന്നതിന് വില്ലേജ് ഓഫീസർക്ക് നല്കിയിട്ടുള്ളതാണെന്നും, നടവഴി സഞ്ചാരമാർഗ്ഗം തടസ്സപ്പെടുത്തിയത് സംബന്ധിച്ച എ 7-726/12 ഫയൽ ദീർഘ നാളുകളായി തർക്കം നിലനില്ക്കുന്നതിനാൽ ഇരു കക്ഷികളെയും ഹിയറിംഗിന് വിളിക്കുന്നതിന് നോട്ടീസ് നല്കിയിട്ടുള്ളതാണെന്നും, കരുമാല്ലൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് IX ൽ ആലുവ യു.സി. കോളേജിനു

തെക്കുവശം നിലവിലുള്ള പഞ്ചായത്ത് ഗ്രാവൽ റോഡിനും ഇടതു വശത്തായി സ്വകാര്യ വ്യക്തിയുടെ ഭൂമിയിലേയ്ക്കും പരാതിക്കാരന്റെയും എതിർ കക്ഷികളുടെയും കെട്ടിടങ്ങളിലേയ്ക്കും മാത്രം പോകുന്ന സ്വകാര്യ വഴിത്തർക്കം സംബന്ധിച്ച എ 7-8358/12 ഫയലിൽ ടി വഴി പഞ്ചായത്ത് ഏറ്റെടുക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുകയും അതനുസരിച്ച് കക്ഷികൾക്ക് നോട്ടീസ് നല്കിയിട്ടുള്ളതുമാണെന്നും, ടി ഫയൽ കൈവശം വച്ചിരുന്ന ഹെഡ് ക്ലർക്ക് പ്രൊമോഷൻ ലഭിച്ച് പോയതിനാലും ടിയാന്റെ കൈവശം വച്ചുസൂക്ഷിപ്പിലുണ്ടായിരുന്നതിനാലുമാണ് ടി ഫയൽ വിജിലൻസിന്റെ ആകസ്മിക പരിശോധന സമയത്ത് ഹാജരാക്കാൻ കഴിയാതിരുന്നത് എന്നും ഇത് വിജിലൻസ് അധികൃതരെ ബോധിപ്പിച്ചിരുന്നതാണെന്നും പ്രതിവാദപത്രികയിൽ ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്.

ശ്രീ. കെ.എസ്. പ്രകാശൻ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. പേഴ്സണൽ കാഷ് ഡിക്ലറേഷൻ രജിസ്റ്റർ രേഖപ്പെടുത്തലുകൾ നടത്തി കൃത്യമായി സൂക്ഷിച്ചിരുന്നില്ല എന്ന് സെക്രട്ടറി തന്നെ സമ്മതിക്കുന്നുണ്ടെന്നും ഈ നടപടി അനുചിതമായി വീക്ഷിക്കുന്നു എന്നും, ഫയലുകൾ സംബന്ധിച്ച് ടിയാൻ എതിർവാദ പത്രികയിൽ ബോധിപ്പിച്ചിട്ടുള്ള കാര്യങ്ങളെല്ലാം ശരിയാണെന്ന് പരിശോധിച്ച് ബോധ്യപ്പെട്ടതായി പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ശ്രീ. കെ.എസ്. പ്രകാശൻ സമർപ്പിച്ച പ്രതിവാദ പത്രികയുടേയും പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു ശ്രീ. കെ.എസ്. പ്രകാശൻ പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട് എന്ന് കാണുന്നു. ഈ സാഹചര്യത്തിൽ കരുമാല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ.എസ്. പ്രകാശന് ഒരു "താക്കീത്" (warning) നൽകി ടിയാനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

ജോയിന്റ് സെക്രട്ടറി

1. ശ്രീ. കെ.എസ്. പ്രകാശൻ, സെക്രട്ടറി, കരുമാല്ലൂർ ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിജിലൻസ് വകുപ്പ് (യു.ഒ റിമാർക്സ് നം.12707/ഡി3/2016/വിജി. തീയതി 03.12.2016 പ്രകാരം)
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.65944/ഇപിബി2/2013/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ